(35) ആയുർവേദ കോളേജ് വിദ്യാർത്ഥിനികൾക്ക് ഹോസ്റ്റൽ സൗകര്യം ഏർപ്പെടുത്തൽ

ശ്രീ. കെ. പങ്കജാക്ഷൻ : തിരുവനന്തപുരം ആയുർവേദ കോളേജിൽ ഈ കഴിഞ്ഞ വർഷത്തിൽ എൻട്രൻസ് ടെസ്റ്റ് എഴുതി പരീക്ഷ പാസായി ബി. എ. എം.-ന് അഡ്മിഷൻ കിട്ടിയ വിദ്യാർത്ഥിനീ വിദ്യാർത്ഥികളിൽ ഒരു നല്ല ശതമാനം വിദ്യാർത്ഥിനികൾക്ക് ഹോസ്റ്റൽ സൗകര്യങ്ങൾ ഉണ്ടായിട്ടില്ല. ഗ്രാമപ്രദേശങ്ങളിൽ നിന്ന്, സംസ്ഥാനത്തിന്റെ വിവിധ പ്രദേശങ്ങളിൽ നിന്ന് വന്നിട്ടുള്ള പല വിദ്യാർത്ഥിനികൾക്കും ഇനിയും ഹോസ്റ്റൽ സൗകര്യം ഏർപ്പെടുത്താൻ കഴിഞ്ഞിട്ടില്ല ; കോളേജിലെ സൗകര്യവും പ്രയോജനപ്പെട്ടിട്ടില്ല. ഹോസ്റ്റൽ സൗകര്യം നഗരത്തിനു പുറത്തു ഉണ്ടാകുന്നതിന്റെ ബുദ്ധിമുട്ടിനെക്കുറിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് അറിയാവുന്നതാണ്. ഈ കാര്യത്തിൽ അടിയന്തിരമായി എന്തെങ്കിലും രക്ഷാനടപടികൾ സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : ഇവിടെ വരുന്ന വിദ്യാർത്ഥി-വിദ്യാർത്ഥിനികൾക്ക് അക്കോമഡേഷൻ കൊടുക്കാൻ സാധിച്ചിട്ടില്ല. 16 റൂമിൽകൂടി 55 കുട്ടികളെയാണ് അക്കോമഡേറ്റ് ചെയ്തിട്ടുള്ളത്. ഇനിയും കുറെ കുട്ടികൾ പുറത്തു നിൽക്കുകയാണ്. എൺപത് പെൺകുട്ടികളാണ് അപേക്ഷിച്ചിട്ടുള്ളത്. അവർക്ക് അക്കോമഡേഷൻ കൊടുക്കാൻ സാധിച്ചില്ല. ഒരു പ്രൊപ്പോസൽ ഉള്ളത് ആൺകുട്ടികളുടെയും പെൺകുട്ടികളുടെയും ഹോസ്റ്റൽ പർസ്പരം മാറുകയാണെങ്കിൽ കൂടുതൽ അക്കോമഡേഷൻ കിട്ടുമെന്നാണ്, താൽക്കാലികമായി അങ്ങനെ ചെയ്യുകയും ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യാം.

(36) പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ എം. എൽ. എ. റോഡുകളുടെ പണി

ശ്രീ. പി. സി. ജോർജ് : എന്റെ നിയോജകമണ്ഡലമായ പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ എം. എൽ. എ. റോഡുകളായ പൈക്കട പീഡിക-കുറുമണ്ണ്, പയസ്സ് മൗണ്ട് റോഡ്, മറ്റൊരു റോഡായ അളളനാട്-വുള്ളനാട് റോഡ്, മറ്റൊരു റോഡായ പൂഞ്ഞാർ കൂട്ടിക്കൽ റോഡിന്റെ തെക്കൻ റീച്ചിൽ ചോലത്തടം മുതൽ പറത്താനംവരെയുള്ള പ്രദേശം ഈ മൂന്ന് വർക്കുകളും കോൺട്രാക്ടർമാർ പകുതിയാക്കി ഇട്ടിട്ട് പോയിരിക്കുകയാണ്. ഇപ്പോഴും കോൺട്രാക്ടർമാർ വരുന്നതുമില്ല, പണിയുന്നതുമില്ല എർത്ത് വർക്ക് ലാഭമുള്ള പണികഴിയുമ്പോൾ കോൺട്രാക്ടർമാർ വർക്കും ഇട്ടിട്ട് പാർട്ട് ബില്ലും മാറി ഓടി രക്ഷപ്പെടുകയാണ്. ഈ ഗതികേടുകൊണ്ട് വരുന്ന ബുദ്ധിമുട്ട് എന്താണെന്ന് വച്ചാൽ ഈ പ്രദേശത്തേക്ക് എം. എൽ. എ. ക്ക് ചെല്ലാൻ നിവൃത്തിയില്ലാത്ത അവസ്ഥയായി. എം. എൽ. എ. റോഡുപോലും ഈ ഗതിയിലേക്കാണ് പോകുന്നതെങ്കിൽ എന്താണ് മറ്റുള്ളതിന്റെ ഗതിയെന്ന് പറയാൻ എനിക്ക് കഴിയുകയില്ല. അതുകൊണ്ട് ഇങ്ങനെ കോൺട്രാക്ടർമാർ പണിമുടക്കി പോകുമ്പോൾ അതിന് മറുനടപടിയെന്ന നിലയിൽ ഇവരുടെ റിസ്ക് ആൻഡ് കോസ്റ്റിൽ റീ-ടെൻഡർ ചെയ്യാനുള്ള നടപടി സ്വീകരിച്ചേ മതിയാവൂ. ഇപ്പോൾ കോൺട്രാക്ടർമാർ ചെയ്യുന്നത് കോടതിയിൽ പോയി ഒരു സ്റ്റേ വാങ്ങി അവർ അവരുടെ പണം കൊണ്ട് രക്ഷപ്പെടുകയാണ്. ഇതുപോലെ കോൺട്രാക്ടർമാർ ഗവൺമെന്റിനെയും ജനങ്ങളെയും കബളിപ്പിച്ച്

LIBRARY ARCHIVES Kerala Legislative Assembly